'ഭരണഭാഷ - മാതൃഭാഷ'

പി. ആർ. സുരേഷ് ഐ എഫ് എസ്
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയം
കോതമംഗലം വനം ഡിവിഷൻ
കോതമംഗലം പി.ഒ. പിൻ - 686 691
ഫോൺ: 0485 2822317 (O)
*E-mail: dfo-kglm.for@kerala.gov.in*

**നമ്പർ A3 – 4461/2019** **തീയതി: 15.09.2020**

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
കേരള വാട്ടർ അതോറിറ്റി,
പ്രൊജക്ട് സബ് ഡിവിഷൻ,
പിറവം,
എറണാകുളം - 686664

സർ,

വിഷയം : പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജല വിതരണ പദ്ധതിക്കായി കാളിയാർ വനം റെയിഞ്ചിൽപ്പെടുന്ന 0.2428 ഹെക്ടർ വനഭൂമി വിട്ടുനൽകുന്നത് - സംബന്ധിച്ച്.

സൂചന
1. G.O.(Rt) No.184/2020/F&WLD തിയതി : 17.08.2020
2. ബഹു. PCCF (FM), തിരുവനന്തപുരത്തിന്റെ 04.09.2020 തീയതിയിലെ FC2-2407/20 നമ്പർ മേലെഴുത്ത്.

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. പൈങ്ങോട്ടൂർ ഗ്രാമപഞ്ചായത്തിലെ ജലവിതരണ പദ്ധതിക്കായി കാളിയാർ വനം റെയിഞ്ച് പരിധിയിൽ 0.2428 ഹെക്ടർ വനഭൂമി ഉപയോഗിക്കുന്നതിന് Stage-I അനുമതി നൽകിക്കൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ടി സർക്കാർ ഉത്തരവിലെ രണ്ടാമത്തെ വ്യവസ്ഥ പ്രകാരം വിട്ടു നൽകുന്ന വനഭൂമിക്ക് യൂസർ ഏജൻസി നെറ്റ് പ്രസന്റ് വാല്യു ഒടുക്കേണ്ടതുണ്ട്. ഹെക്ടറിന് 10.43 ലക്ഷം രൂപ നിരക്കിൽ 0.2428 ഹെക്ടറിന് ആകെ 2,53,240/- രൂപയാണ് (രണ്ടു ലക്ഷത്തി അൻപത്തിമൂവായിരത്തി ഇരുനൂറ്റി നാൽപത് രൂപ മാത്രം) ടി ജല വിതരണ പദ്ധതിക്കു വേണ്ടി യൂസർ ഏജൻസി ഒടുക്കേണ്ടതുള്ളത്. ടി തുക കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഫോറസ്റ്റ് ക്ലിയറൻസ് സംബന്ധിച്ച ഔദ്യോഗിക വെബ്സൈറ്റ് മുഖേന ഓൺലൈനായി ഒടുക്കി വിവരം ഈ ഓഫീസിൽ റിപ്പോർട്ട് ചെയ്യുവാൻ നിർദ്ദേശിക്കുന്നു. കൂടാതെ വനഭൂമി കൈമാറുന്നത് സംബന്ധിച്ച, സൂചന സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള വ്യവസ്ഥകളും കേന്ദ്ര സംസ്ഥാന സർക്കാരുകളും കേരള വനം വകുപ്പും നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളും പാലിക്കുന്നതും നോമിനൽ ലീസ് റെന്റ് ഈടാക്കുന്നതും സംബന്ധിച്ച് യൂസർ ഏജൻസി ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുമായി എഗ്രിമെന്റ് വയ്ക്കേണ്ടതും സൂചന ഉത്തരവ് വ്യവസ്ഥകൾ പാലിച്ചത് സംബന്ധിച്ച compliance report മേലധികാരത്തിലേക്ക് സമർപ്പിക്കുന്നതിനായി ഈ ഓഫീസിൽ ലഭ്യമാക്കേണ്ടതുമാണ്.

വിശ്വസ്തതയോടെ

ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ
കോതമംഗലം

പകർപ്പ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയത്തിന്റെ അറിവിലേക്ക് സമർപ്പിക്കുന്നു.

പകർപ്പ്: കാളിയാർ റെയിഞ്ച് ഓഫീസറുടെ അറിവിനായി നൽകുന്നു.